# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1539 — 14.12.2012-ൽ മറുപടിക്ക്.

### മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.തിലോത്തമൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷവും വകുപ്പുമന്ത്രി) |
| (എ) ചേർത്തല മുനിസിപ്പാലിറ്റിയുടെ കീഴിൽ ഗർഭിണികളുടേയും കുട്ടികളുടേയും ആരോഗ്യരക്ഷയെ മുൻനിർത്തി പ്രവർത്തിച്ചിരുന്ന നാല് മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ: എന്തുകൊണ്ടാണിത് സംഭവിച്ചത് എന്നു വ്യക്തമാക്കുമോ: | (എ) ചേർത്തല നഗരസഭയിൽ നാല് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളാണ് ഉളളത്. എന്നാൽ ആയത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒരെണ്ണം ആർദ്ര സ്പെഷ്യൽ സ്ക്കൂളായി പ്രവർത്തിക്കുന്നു. രണ്ടാമത്തേത് റിപ്പയറിംഗ് നടക്കുന്നു. മൂന്നും, നാലും പൂട്ടിയ അവസ്ഥയിലാണ്.<br><br>ചേർത്തല നഗരസഭയിൽ തുച്ഛമായ വേതനത്തിലാണ് ടി കേന്ദ്രങ്ങളിൽ ഡോക്ടർമാർ വന്ന് പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അവരുടെ സേവനം ലഭ്യമല്ല. ആയതിനാൽ ടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. |
| (ബി) ചേർത്തലയുടെ വിവിധ മേഖലകളിലുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനങ്ങൾ ഇനി ഒരിക്കലും തുറന്നു പ്രവർത്തിപ്പിക്കരുതെന്നും പ്രസ്തുത സ്ഥാപനങ്ങൾക്കു വേണ്ടി സ്വകാര്യ | (ബി) ടി സ്ഥാപനങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി മാറ്റി വിനിയോഗിക്കുവാൻ തീരുമാനമെടുത്തിട്ടില്ല.<br><br>നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് തുറന്നു പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

വ്യക്തികൾ പോലും സർ
ക്കാരിന് വിട്ടുകൊടുത്ത
സ്ഥലവും കെട്ടിടങ്ങളും മറ്റ്
ആവശ്യങ്ങൾക്കായി മാറ്റി
വിനിയോഗിക്കുവാനും തീ
രുമാനിച്ചിട്ടുണ്ടോ: ഇല്ലെ
ങ്കിൽ ഈ സ്ഥാപനങ്ങൾ
എത്രയും വേഗം തുറന്നു
പ്രവർത്തിപ്പിക്കുവാൻ നട
പടി സ്വീകരിക്കുമോ?

സെക്ഷൻ ആഫീസർ.